**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 529** **08-10-2024 - ൽ മറുപടിയ്ക്ക്**

**കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള കല്ലൂരിക്കടവ് പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന നാറാത്ത്, പാപ്പിനിശ്ശേരി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കല്ലൂരിക്കടവ് പാലത്തിന്റെ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; | (എ) | അഴീക്കോട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന കല്ലൂരിക്കടവ് പാലം നിർമ്മാണ പ്രവൃത്തിയുടെ DPR നിർവ്വഹണ ഏജൻസിയായ KRFB 03/01/2022-ന് കിഫ്ബിയിൽ സമർപ്പിരുന്നതും, ആയത് അവലോകനം നടത്തി കിഫ്ബിയിൽ നിന്നും 09/02/2022-ന് SPV-ക്ക് സാങ്കേതിക അവലോകന റിപ്പോർട്ട് നൽകിയിരുന്നതുമാണ്. ഇതിന് SPV 20/05/2022-ന് സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഇക്കാര്യം അറിയിച്ചു കൊണ്ട് SPV-ക്ക് 24/06/2022-ന് നിരീക്ഷണ കുറിപ്പ് നൽകിയിരുന്നെങ്കിലും ആയതിനുള്ള മറുപടി SPV ലഭ്യമാക്കിയിരുന്നില്ല. പിന്നീട് ബഹു.എം.എൽ.എയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 23/03/2023-ന് നടത്തിയ സൈറ്റ് വിസിറ്റിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പാലത്തിന്റെ അപ്രോച്ച് റോഡിനായി SPV പുതുക്കിയ അലൈൻമെന്റ് ഡ്രോയിംഗ് കിഫ്ബിയിൽ സമർപ്പിക്കുകയും, ആയത് പരിശോധിക്കുന്നതിനായി 30/06/2023-ന് കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ സംയുക്ത സ്ഥല പരിശോധന നടത്തി അലൈൻമെന്റ് ഡ്രോയിംഗിൽ ചില ഭേദഗതികൾ നിർദ്ദേശിക്കുകയും അതുപ്രകാരം പുതുക്കിയ അലൈൻമെന്റ് ഡ്രോയിംഗ് നിർവ്വഹണ ഏജൻസി കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. |
| (ബി) | പുതുക്കിയ അലൈൻമെന്റ് പ്രകാരമുള്ള റിവൈസ്ഡ് ഡി.പി.ആർ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | പുതുക്കിയ അലൈൻമെന്റ് ഡ്രോയിംഗ് നിർവ്വഹണ ഏജൻസി കിഫ്ബിക്ക് സമർപ്പിച്ചിരുന്നെങ്കിലും, ആയത് സൈറ്റ് വിസിറ്റ് റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ പൂർണ്ണമായും പാലിക്കാത്തതിനാൽ ആയത് പുതുക്കി സമർപ്പിക്കുന്നതിന് 08/11/2023-ലെ കത്ത് മുഖേന SPV-ക്ക് കിഫ്ബി നൽകിയ നിർദ്ദേശമനുസരിച്ച് SPV തയ്യാറാക്കിയ അലൈൻമെന്റ് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ |

| | | | |
|---|---|---|---|
| | | | വിഭാഗത്തിന് കൈമാറുകയും ചെയ്തിരുന്നു. എന്നാൽ ഡിസൈൻ വിഭാഗം പാലത്തിന്റെയും അനുബന്ധ റോഡിന്റെയും പ്രത്യേകം രണ്ട് ഡി.പി.ആർ ആയാണ് KRFB എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ 21/05/2024-ന് സമർപ്പിച്ചതെന്നും, തുടർന്ന് പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം രണ്ട് ഡി.പി.ആറും ഏകോപിപ്പിച്ച് ഒറ്റ ഡി.പി.ആർ ആയി സമർപ്പിയ്ക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംഗിന് 04/09/2024-ന് നിർദ്ദേശം നൽകിയതായും, ആയത് ലഭിച്ചാലുടൻ തന്നെ ആയത് ധനാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി കിഫ്ബിക്ക് സമർപ്പിക്കുന്നതാണെന്നും നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തിക്ക് സാമ്പത്തികാനുമതി ലഭിക്കുന്നതിനായി സത്വരനടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | പരിഷ്കരിച്ച ഡി.പി.ആർ നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിയ്ക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷം ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണ്. അംഗീകാരം ലഭിക്കുന്നപക്ഷം പ്രവൃത്തിയ്ക്ക് ധനാനുമതി നൽകുന്നതിന് കിഫ്ബി നടപടികൾ സ്വീകരിക്കുന്നതാണ്. ധനാനുമതി ലഭിച്ച ശേഷം സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള നടപടികൾ നിർവ്വഹണ ഏജൻസിയായ KRFB-ക്ക് സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ